കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

പരിഷദ് ഭവൻ
ഗുരുവായൂർ റോഡ്
തൃശ്ശൂർ 680 004
ഫോൺ 24084

# പരിസരകേന്ദ്രം

തീയതി ..............................

പ്രിയ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്,

ജൂൺ 5 ലോക പരിസ്ഥിതി ദിനമാണല്ലോ. ഇത്തവണത്തെ പരിസ്ഥിതിദിനം സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്. ബ്രസ്സീലിലെ റയോഡിജനീറോയിൽ ഐക്യരാഷ്ട്ര പരിസ്ഥിതി-വികസന സമ്മേളനം (United Nations Conference on Environment and Development UNCED) നടക്കുന്ന സമയമാണെന്ന് അറിയാമല്ലോ. ഭൗമഉച്ചകോടിയെന്ന് അറിയപ്പെടുന്ന ഈ സമ്മേളനത്തെ 'മനുഷ്യരാശിയുടെ അവസാനത്തെ പ്രതീക്ഷ' എന്നാണ് സംഘാടകർ വിശേഷിപ്പിക്കുന്നത്. അടുത്ത നൂററാണ്ടിൽ ഒരു പുത്തൻ ലോകക്രമം സ്ഥാപിക്കുവാൻ ആവശ്യമായ പരിപാടികൾ അജണ്ട-21 എന്ന പേരിൽ സമ്മേളനത്തിൽ അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങൾ ഒരു ഭൂത്ത്ചാർട്ടിൽ ഒപ്പുവെക്കുമെന്നും പ്രതീക്ഷിക്കുന്നു. ഏതാണ്ട് 150 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. ഭൗമഉച്ചകോടിയെപ്പററിയും അവിടെ ചർച്ച്ക്കുവരുന്ന ആഗോള പ്രശ്നങ്ങളെപ്പററിയും ഉള്ള ഒരു ചെറുവിവരണം ഈ കത്തിനോടൊപ്പം ഉണ്ട്. ആയത് ജൂൺ 5-ാം തീയതി രാവിലെ സ്കൂൾ അസംബ്ലിയിൽ വായിക്കുകയോ ഒരദ്ധ്യാപകനോ വിദ്യാർഥിയോ ആ കുറിപ്പിനെ ആധാരമാക്കി പ്രസംഗിക്കുകയോ ചെയ്യുന്നത് ഉചിതമായിരിക്കും. അതിനുവേണ്ട സജ്ജീകരണങ്ങൾ താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടാവണമെന്ന് അഭ്യർഥിക്കട്ടെ.

സ്നേഹാദരങ്ങളോടെ

പ്രൊഫ. എം. കെ. പ്രസാദ്
കേരള ശാസ്ത്രസാഹിത്യപരിഷത്ത്

## കേരളശാസ്ത്രസാഹിത്യ പരിഷത്ത്

# പരിസ്ഥിതി ദിന ചിന്തകൾ

ജൂൺമാസം പിറന്നു. സ്കൂളുകൾ തുറന്നു. മഴയും തുടങ്ങി. അല്പമൊരു ആശ്വാസം. കിണറുകളും കുളങ്ങളും നിറഞ്ഞുതുടങ്ങി. വററിവരണ്ട പുഴകളിൽ വീണ്ടും വെള്ളം ഒഴുകുവാൻ ആരംഭിച്ചു. എന്നാൽ കഴിഞ്ഞ രണ്ടുമാസങ്ങളിലെ സ്ഥിതി എന്തായിരുന്നു? നിങ്ങൾ പരീക്ഷ എഴുതുന്ന കാലത്തു് എന്തായിരുന്നു ചൂട്? അന്നൊക്കെ രാവിലെ എഴുന്നേല്ക്കുന്നതു് തന്നെ വിയർത്തൊലിച്ചിട്ടാണ്. പകൽ അത്യുഷ്ണം. രാത്രിയിലുമില്ല കുളിർമ്മ. പൊരിയുന്ന മീനമാസ ചൂട് നമ്മുടെ കഥകളിലും കവിതകളിലുമൊക്കെ സ്ഥാനം പിടിച്ചിട്ടുണ്ട്. എന്നാൽ ഓരോവർഷം കഴിയുന്തോറും ചൂട് കൂടികൂടിവരുന്നുവെന്നു് പഴമക്കാർ പറയുന്നു. കുടിവെള്ളക്ഷാമം അതിരൂക്ഷമായികൊണ്ടിരിക്കുന്നു. പ്രതിവർഷം ശരാശരി മൂന്നു് മീററോളം മഴ ലഭിക്കുന്ന കേരളത്തിൽ കുടിവെള്ളക്ഷാമം? പണ്ടു് സ്ഥിതി ഇത്രയും മോശമായിരുന്നില്ലായെന്നു് പഴമക്കാർ പറയുമ്പോൾ നമുക്കു് അതു് തള്ളിക്കളയാൻ ആവില്ല. പഴമക്കാർ പറയുന്നതു് ശരിയായിരിക്കാം, എന്നുതന്നെയാണു് ശാസ്ത്രജ്ഞന്മാരും പറയുന്നതു്. ഭൂമിയുടെ കാലാവസ്ഥയിൽ മൗലികമായ മാററം ദൃശ്യമാകുന്നുണ്ടത്രേ. മേയ് മാസത്തിൽ നാം വരൾച്ച ദുരിതാശ്വാസപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നു. ജൂൺ മാസം കഴിയുന്നതോടെ വെള്ളപ്പൊക്കദുരിതാശ്വാസം തുടങ്ങണം. ഏതാണ്ടു് ഒക്ടോബർ അവസാനം വരെ നമുക്കു് മഴ ലഭിക്കും. പക്ഷെ ജനുവരിമാസം തൊട്ടു് തന്നെ നമ്മുടെ പല ജില്ലകളിലും കുടിവെള്ളക്ഷാമം നേരിടും. വെള്ളം കിട്ടാത്തതിനാൽ കൃഷിനാശം ഉണ്ടാകുന്നു. ജലജന്യരോഗങ്ങൾ വേനൽക്കാലത്തും മഴക്കാലത്തും ഉണ്ടാകുന്നു. ഇതൊക്കെ വെറും യാദൃച്ഛികസംഭവങ്ങൾ ആണോ? അല്ലെന്നാണു് കാലാവസ്ഥ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

അടുത്ത അമ്പതുവർഷങ്ങൾക്കകം ഭൂമിയിലെ ശരാശരി താപനില ഒന്നര ഡിഗ്രി സെൽഷ്യസ് മുതൽ നാലര ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാദ്ധ്യതയുണ്ടെന്നു് ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പു നല്കുന്നു. ചൂട് അത്രയും ഉയർന്നാൽ കാര്യം അപകടമാണ്. ഭൂമിയിലെ കാലാവസ്ഥയ്ക്കു് പലപ്പോഴും വലിയ മാററങ്ങൾ സംഭവിച്ചിരുന്നു. ആറരകോടിമുതൽ പതിമൂന്നരകോടിവരെ വർഷങ്ങൾക്കുമുമ്പുള്ള കാലഘട്ടത്തിൽ കാലാവസ്ഥയിലും വായുമണ്ഡലഘടനയിലും ഉണ്ടായ മാററങ്ങളുടെ ഫലമായാ

ണ് 'ദിനോസർ' എന്ന പേരിലറിയപ്പെടുന്ന കൂററൻ പല്ലികൾ കുററിയററു പോയതു് എന്നാണു് ഇപ്പോൾ ഉള്ള വിശ്വാസം. അന്നു സംഭവിച്ചതുപോലെ കാലാവസ്ഥയിൽ മൗലികങ്ങളായ ചില മാററങ്ങൾ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന ആശങ്ക പല ശാസ്ത്രജ്ഞന്മാർക്കുമുണ്ടു്. എന്നാൽ അന്നത്തെ മാററങ്ങളും ഇന്നത്തേതും തമ്മിൽ ഒരു പ്രധാനപ്പെട്ട വ്യത്യാസം ഉണ്ടു്. ഇന്നത്തെ മാററങ്ങൾ മനുഷ്യനിർമ്മിതങ്ങളാണു്. മനുഷ്യൻ ഉണ്ടാക്കിയ ഈ മാററങ്ങൾ മനുഷ്യവർഗ്ഗത്തെ എങ്ങനെ ബാധിക്കും?

ചില പ്രശ്നങ്ങൾക്കു് വ്യക്തിതലത്തിൽ പരിഹാരം കാണേണ്ടവയാണു്. നിങ്ങൾക്കു് വയററുവേദന വന്നുവെന്നു് വിചാരിക്കുക. അതു മാററാൻ നിങ്ങൾതന്നെ മരുന്നു കഴിക്കണം. വേണ്ടേ? എന്നാൽ നിങ്ങളുടെ പഞ്ചായത്തിൽ കോളറ പടർന്നുപിടിച്ചാലോ? രോഗികളായ വ്യക്തികളുടെ ചികിത്സയോടൊപ്പം, സമൂഹത്തിൽ വ്യാപകമായ ശുചീകരണവും സുരക്ഷിത-ജലവിതരണവും നടപ്പിൽ വരുത്തണം. ദേശീയ തലത്തിൽ പരിഹാരം കാണേണ്ടവയാണു്, അനാരോഗ്യം, നിരക്ഷരത പോലുള്ള ചില പ്രശ്നങ്ങൾ. മററു ചില പ്രശ്നങ്ങളാകട്ടെ ആഗോളതലത്തിൽ പഠനവും പരിഹാരവും ആവശ്യപ്പെടുന്നു.

വായുമണ്ഡലത്തിൽ കാർബൺഡൈ-ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ചില ക്ലോറിൻ സംയുക്തങ്ങൾ തുടങ്ങിയ വാതകങ്ങൾ വർദ്ധിച്ചുവരുന്നതു നിമിത്തമുണ്ടാകുന്ന ഒരു ആഗോള പ്രതിഭാസമാണു് ആഗോളതാപനം (Global warming). ഗ്ലാസ് മേൽക്കൂരയോടുകൂടിയ കെട്ടിടങ്ങൾക്കുള്ളിൽ വർദ്ധിച്ച ചൂടു് അനുഭവപ്പെടും. സൂര്യരശ്മികൾ സുഗമമായി കെട്ടിടത്തിനകത്തേക്കു് കടത്തിവിടാൻ ഗ്ലാസിനു കഴിയുമെങ്കിലും, എതിർ ദിശയിലേക്കു് പ്രതിഫലിക്കുന്ന താപരശ്മികളെ (I. R. Rays) ഇതു തളച്ചിടുകയാണു് ചെയ്യുന്നതു്. ഇപ്രകാരം താപനിലയിലുണ്ടാകുന്ന വർദ്ധനവിനെയാണു് ഹരിതഗൃഹ പ്രഭാവം (Green House Effect) എന്നു് വിശേഷിപ്പിക്കുന്നതു്. അന്തരീക്ഷത്തിൽ വിസർജ്ജിക്കപ്പെടുന്ന കാർബൺ ഡൈയോക്സൈഡ്, മീഥേൻ തുടങ്ങിയ വാതകങ്ങൾക്കു് ഇത്തരമൊരു കണ്ണാടികവചംപോലെ പ്രവർത്തിക്കാൻ കഴിയും. അവ ഭൂമിയിൽനിന്നു ഉയരുന്ന താപത്തെ പുറത്തേക്കു് അയക്കാതെ തളച്ചിടുന്നു. ഇത്തരം വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്നു് പറയുന്നു. കല്ക്കരി, എണ്ണ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗമാണു് കാർബൺഡൈ-ഓക്സൈഡിൻെറ തോതു് അന്തരീക്ഷത്തിൽ കൂടിവരുന്നതിനു് കാരണമാകുന്നതു്. 'വാർഷിക വർദ്ധനവിൻെറ തോതു് ഇപ്പോൾ 0.4 ശതമാനമാണു്. ഹരിതഗൃഹവാതകങ്ങളുടെ 49% കാർബൺഡൈഓക്സൈഡും 18% മീഥേനും 6% നൈട്രസ് ഓക്സൈഡും 14% ക്ലോറിനേററഡ് ഫ്ളൂറോ കാർബണും (C. F. C) ബാക്കി ഓസോൺ തുടങ്ങിയ മററു വാതകങ്ങളും ആണു്. ചതുപ്പുനിലങ്ങളിൽനിന്നും പ്രകൃതിവാതക ഖനികളിൽനിന്നുമാണു് മീഥേൻ വിസർജ്ജിക്കപ്പെടുന്നതു്. ശീതീകരണ വ്യവസായത്തിൽ ഉപയോഗിക്കുന്ന രാസികങ്ങളത്രേ C. F. C കൾ. ഇതിൽ കാർബൺഡൈ ഓക്സൈഡു് സ

സ്യങ്ങരം പ്രഭാകലനത്തിന വിനിയോഗിക്കുന്നുണ്ട്. ഭൂമുഖത്തു് സസ്യാവരണങ്ങളുടെ നിരോധാനം ഈ രീതിയിലുള്ള അതിൻെറ വിനിയോഗം കുറയ്ക്കുകയാണു്. ഇപ്രകാരം വിവിധ കാരണങ്ങരംകൊണ്ടു് ഹരിതഗൃഹ വാതകങ്ങളുടെ തോതു് വദ്ധിക്കുകയും അന്തരീക്ഷതാപനിലയുടെ ഉയച്ച ഒരു പരിസ്ഥിതി ഭീഷണിയായിമാറുകയും ചെയ്തിട്ടുണ്ടു്.

കഴിഞ്ഞ ഏതാണ്ടു് 10000 വഷ്കാലയളവിൽ അന്തരീക്ഷ താപനിലയിൽ ഉണ്ടായിട്ടുള്ള വ്യത്യാസത്തിന്ന സമാനമായ മാററം, ഇന്നത്തെ നിലയിൽ, വരുന്ന 50 വഷംകൊണ്ടുമാത്രം ഉണ്ടാകുമെന്നു് പ്രവചിക്കുന്നു. ഇപ്രകാരം ഉണ്ടായേക്കാവുന്ന താപനില വർധന കാലാവസ്ഥയിൽ ഗണ്യമായ മാററങ്ങരം ഉണ്ടാക്കുമത്രെ. നിലവിലുള്ള നൈസർഗിക ജൈവവ്യവസ്ഥകളുടെ വിന്യാസത്തിന് അവസ്ഥാഭേദം ഉണ്ടാകും. താപനില 1°c ഉയരുമ്പോരം അക്ഷാംശദിശയിൽ 100 കി. മി. ദൂരത്തേക്കു് ജൈവവ്യവസ്ഥകളെ സ്വയം നീങ്ങാൻ പ്രേരിപ്പിക്കും. ഇതു് അവയുടെ നാശത്തിനിട വരുത്തും. മരുഭൂമിവൽക്കരണമാണ് മറെറാരു അപകടം. സമുദ്ര വിതാനം വികസിച്ച് രണ്ടുമീററർ വരെ ഉയരാൻ സാധ്യതയുണ്ടു്. ധ്രുവപ്രദേശങ്ങളിലെ മഞ്ഞു ഉരുകി പ്രളയമുണ്ടാകുമെന്നും മുന്നറിയിപ്പുണ്ടു് സമുദ്രതീരപ്രദേശങ്ങളും ചില രാജ്യങ്ങരം തന്നെയും വെള്ളത്തിലാണ്ടുപോവാൻ സാധ്യതയുണ്ടു്. ജനങ്ങരം തിങ്ങിപ്പാക്കുന്ന കേരളത്തിലെ തീരപ്രദേശങ്ങരം കടലിൽ ആണ്ടുപോകുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കോടിക്കണക്കിനു ജനങ്ങളെ മാററിപാപ്പിക്കേണ്ടിവന്നേക്കാം ഉല്പാദനപ്രവത്തനങ്ങരം തകിടം മറിയാനിടയുണ്ടു്.

ഹരിത ഗൃഹപ്രഭാവം നിയന്ത്രിക്കാൻ ഫോസിൽ ഇന്ധനങ്ങളുടെ വിനിയോഗം കുറയ്ക്കണം. എന്നു പറഞ്ഞാൽ ഊർജ ഉപഭോഗം കുറയ്ക്കണം. വ്യാവസായിക പ്രവത്തനങ്ങരം നിയന്ത്രിക്കണം. ഇതാരു് ചെയ്യും? ഇന്നു് ആളോഹരി കാർബൺഡൈഓക്സൈഡ് ഉല്പാദനത്തിൻെറ ലോകശരാശരി 1.2 ടൺ ആണു്. ഇക്കാര്യത്തിൽ ഒന്നാംസ്ഥാനം അമേരിക്കയ്ക്കാണു്. 5 ടൺ. കാനഡ (4.1 ടൺ), റഷ്യ (3.65), ജപ്പാൻ (2.2) തുടങ്ങിയ വികസിത രാജ്യങ്ങരം തൊട്ടുപിന്നിൽ നില്ക്കുന്നു. ഇന്ത്യയുടേതാകട്ടെ വെറും 0.2 ടൺ. വ്യാവസായികരംഗത്ത് നാം വളരെ പിന്നിലാണ് എന്നുള്ളതാണ് ഇതിനു കാരണം. ഇന്ത്യ ഉരംപ്പെടെയുള്ള വികസ്വര രാജ്യങ്ങളിലെ ഫോസിൽ ഇന്ധനവിനിയോഗം ഇനിയും വർധിപ്പിക്കേണ്ടതായിട്ടുണ്ടു് (ജനങ്ങരംക്കു് അവരുടെ അടിസ്ഥാനാവശ്യങ്ങരം നേടിക്കൊടുക്കുവാൻ ഇതാവശ്യമാകുന്നു.) അതിനവരെ അനുവദിക്കുകയെന്നത് സ്വാഭാവിക നീതി മാത്രമാണു്. ഇക്കാര്യം പരിഗണിച്ച് കൊണ്ടുതന്നെ ലോകശരാശരി 0.9 ടൺ ആയി നിയന്ത്രിക്കണമെന്നാണ് ആഗോള പരിസ്ഥിതി സംരക്ഷണതന്ത്രത്തിൽ നിർദേശിക്കുന്നതു്. ഇത് സാധിക്കണമെങ്കിൽ നിയന്ത്രണ ചുമതല ഏറിയക്കുറും വികസിതരാജ്യങ്ങളുടേതാകും. അമേരിക്കയെപോലുള്ള രാജ്യങ്ങരം അവരുടെ ആഭാടവും ധൂത്തും കുറച്ചാൽ മാത്രമേ ഇതു സാധിക്കൂ. അവരുടെ കാറുകളുടെ എണ്ണം കുറയ്ക്കണം. ആഡംബരവസ്തുക്കളുടെ ഉല്പാദനവും ഉപഭോഗവും നിയന്ത്രിക്കണം. എന്നാൽ ജനസം

ഖ്യ കൂടുതലുള്ള ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ് കൂടുതൽ കാർബൺഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ എത്തുന്നതൊന്നും അതിനാൽ അവരാണ് നിയന്ത്രിക്കേണ്ടതെന്നും അമേരിക്കയെപ്പോലുള്ള രാജ്യങ്ങൾ പറയുന്നു. ആളോഹരി കണക്ക് പറയാതെ മൊത്തം കണക്കാണ് അവർ പറയുന്നത്. ഇത് സ്വാഭാവികനീതിക്ക് നിരക്കുന്നതല്ലെന്ന് വ്യക്തമാണല്ലോ. ലോകജനസംഖ്യയുടെ 73 ശതമാനം വരുന്ന വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ ലോകവിഭവങ്ങളുടെ 20% മാത്രമാണ് ഉപയോഗിക്കുന്നത്. അതേ സമയം 27 ശതമാനം വരുന്ന വികസിത രാജ്യങ്ങളിലെ ജനങ്ങൾ 80 ശതമാനം വിഭവങ്ങൾ ഉപയോഗിക്കുന്നു. ഈ അസമവിതരണത്തിൽ മാററം വരുത്താതെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധ്യമല്ല.

ലോകത്തെ ആകമാനം ബാധിക്കുന്ന മററൊരു പാരിസ്ഥിതിക പ്രശ്നം ഓസോൺ പാളിയുടെ ക്ഷയമാകുന്നു. മൂന്നു ഓക്സിജൻ ആററങ്ങൾ ചേർന്നതാണ് ഓസോൺ തന്മാത്ര ($O_3$). അന്തരീക്ഷത്തിൽ ഭൗമോപരിതലത്തിൽനിന്ന് 16 കി.മി.യും 48 കി.മി.യും ഇടയിൽ കാണുന്ന ഓസോൺ പാളി ഭൂമിയിലെ ജീവന്റെ നിലനില്പിനെ സഹായിക്കുന്ന ഒരു സംരക്ഷണ കവചം ആണ്. സൂര്യനിൽനിന്നു പുറപ്പെടുന്ന തീഷ്ണങ്ങളായ അൾട്രാവയലററ് (U. V.) രശ്മികൾ ജീവികളുടെ സുരക്ഷിതത്വത്തിനു് ഹാനികരമാണ്. ഈ രശ്മികളെ നിയന്ത്രിക്കാൻ ഒരു അരിപ്പപോലെ പ്രവർത്തിക്കുകയാണ് ഓസോൺ പാളി.

വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി (ഉദാഹരണം ശീതീകരണികൾ, എയർകണ്ടീഷനറുകൾ തുടങ്ങിയവയിൽ ശീതീകാരിയായി) നിർമ്മിക്കുന്ന ക്ലോറോ-ഫ്ളൂറോ കാർബണുകൾ (C. F. C.) ആ ആവശ്യങ്ങൾ നിർവ്വഹിച്ചശേഷം, വായുമണ്ഡലത്തിൽ വിസർജ്ജിക്കപ്പെടുന്നു. ഈ രാസവസ്തുക്കളുടെ തന്മാത്രകൾ 70 വർഷം മുതൽ 100 വർഷം വരെ നശിച്ചുപോകാതെ നിലനില്ക്കും. അവ ക്രമത്തിൽ വായുമണ്ഡലത്തിൽ ഉയർന്ന് ഓസോൺ മണ്ഡലത്തിൽ എത്തിച്ചേരുന്നു. അവിടെവച്ച് അവ വിഘടിച്ച് ക്ലോറിൻ എന്ന വാതകം ഉണ്ടാകുന്നു. ക്ലോറിൻ, ഓസോൺ നിർമ്മാണത്തിനാവശ്യമായ ഓക്സിജനെ വേട്ടയാടിപ്പിടിച്ച് നശിപ്പിക്കുന്നു. ഈ കവർച്ച നടക്കുന്നിടത്തു് ഓസോൺ നിർമ്മാണം ആനുപാതികമായി കുറയും. പ്രസ്തുത സ്ഥാനത്തിലൂടെ പ്രവേശിക്കുന്ന അൾട്രാവയലററ് രശ്മികളെ തടയാൻ കഴിയാതെ വരികയും ചെയ്യും. ഈ പ്രതിഭാസത്തെയാണ് ഓസോൺ പാളിയുടെ വിള്ളൽ (OZONE HOLE) എന്ന് വിശേഷിപ്പിക്കുന്നത്. ഈ വിള്ളലിലൂടെ പ്രവേശിക്കുന്ന അൾട്രാവയലററ് രശ്മികൾ. കാഴ്ചശക്തി നശിപ്പിക്കാനും, കാൻസർ, ത്വക്ക്രോഗങ്ങൾ എന്നിവക്ക് കാരണമായി തീരുകയും ചെയ്യും പ്രഭാകലനത്തിന് പ്രതികൂല സാഹചര്യം ഉണ്ടാകും. ജലജീവികളുടെ സുരക്ഷിതത്വവും ഇല്ലാതാകും.

ഓസോൺ പാളിയിൽ വിള്ളൽ ഉണ്ടാക്കുന്ന C. F. C. കളുടെ നിർമ്മാണം നിയന്ത്രിക്കുകയും, ക്രമേണ നിർത്തലാക്കുകയും ചെയ്യുന്ന കാര്യം 1980 കളിൽ വ്യവസായിക രാഷ്ട്രങ്ങളുടെ പരിഗണനയിൽ കൊണ്ടുവരികയുണ്ടായി. ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതി പരിപാടി

(United Nations Environmental Programme. UNEP) യുടെ ആഭിമുഖ്യത്തിൽ ലോകരാഷ്ട്രങ്ങളുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയുണ്ടായി. 1987-ൽ കാനഡയിലെ മോൺട്രിയൽ നഗരത്തിൽ ചേർന്നയോഗം ഒരു ഉടമ്പടിക്ക് രൂപം നല്കുകയുണ്ടായി. ഓസോൺ ക്ഷയത്തിന് കാരണമായിത്തീരുന്ന രാസവസ്തുക്കളുടെ നിർമ്മാണം 1986 ലേതിൽനിന്ന് വർദ്ധിപ്പിക്കാതിരിക്കാനും 1998 ആകുമ്പോഴേയ്ക്ക് പകുതികണ്ടുകുറയ്ക്കാനും ഈ ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇപ്പോൾ C. F. C. വളരെ കുറവുമാത്രം ഉല്പാദിപ്പിക്കുന്ന ഇന്ത്യയേപോലുള്ള വികസ്വര രാജ്യങ്ങൾക്ക് ചില വിട്ടുവീഴ്ചകൾ ആവശ്യമാണ്. അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നീ രാജ്യങ്ങളിൽ പ്രതിവർഷം ഒരാൾക്ക് ഏതാണ്ട് ഒന്നേകാൽ കിലോഗ്രാം എന്നതോതിൽ C. F. C. ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലാകട്ടെ ഇത് 0.3 കിലോഗ്രാം മാത്രമാണ് നമ്മുടെ ശീതീകരണവ്യവസായം ഇനിയും വളരേണ്ടതായിട്ടുണ്ട്. അതിനാൽ നമുക്ക് ഉടൻ C. F. C. യുടെ ഉപയോഗം കുറയ്ക്കാൻ ആവില്ല. C. F. C. കൾക്ക് പകരം നില്ക്കാവുന്ന, ഓസോൺ പാളിയ്ക്ക് ഹാനികരമല്ലാത്ത ശീതീകാരികൾ കണ്ടുപിടിക്കാനുള്ള ഗവേഷണങ്ങൾ നടക്കുന്നു. വികസിതരാജ്യങ്ങൾ ഇതിൽ വിജയിച്ചിരിക്കുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. ലോകത്താകമാനം C. F. C. നിയന്ത്രിക്കാതെ ഓസോൺ പാളിയെ രക്ഷിക്കാനാവില്ല അപ്പോൾ സമ്പന്ന രാജ്യങ്ങൾ അവരുടെ ഗവേഷണങ്ങൾ വഴി ഉണ്ടാക്കുന്ന പുത്തൻ സാങ്കേതികവിദ്യ ദാരിദ്ര്യ രാജ്യങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് കൈമാറാൻ തയ്യാറാകണം. അതേ സമയം അവരുടെ C. F. C. ഉപയോഗം പൂർണ്ണമായും നിയന്ത്രിക്കണം. ഇതിനവർ തയ്യാറാകുമോ? തയ്യാറായില്ലെങ്കിൽ ഓസോൺ പാളിയുടെ ക്ഷയം കൊണ്ട് ഉണ്ടാവുന്ന അപകടങ്ങളിൽനിന്ന് മനുഷ്യന് രക്ഷപ്പെടാൻ ആവില്ല.

ഭൂമിയിലെ സസ്യാവരണങ്ങളുടെ തിരോധാനം, ജനിതകവൈവിദ്ധ്യശോഷണം, അമ്ലമഴ, സമുദ്രജലത്തിന്റെയും തീരപ്രദേശങ്ങളുടെയും മലിനീകരണം, ജലസ്രോതസ്സുക്കളുടെ നാശം പാഴ്‌വസ്തുക്കളുടെ കുമിഞ്ഞുകൂടൽ തുടങ്ങിയവയും ആഗോള പാരിസ്ഥിതിക പ്രശ്നങ്ങൾതന്നെ. ദരിദ്രരാജ്യങ്ങൾ നേരിടുന്ന ദേശീയ പ്രശ്നങ്ങളാണ് മണ്ണൊലിപ്പ്, വരൾച്ച, വെള്ളപ്പൊക്കം, മരുവല്ക്കരണം തുടങ്ങിയവ. ഇവയ്ക്കെല്ലാം പരിഹാരങ്ങൾ കാണണം.

പ്രിയ വിദ്യാർഥികളെ, ഇന്ന് ജൂൺ അഞ്ച് ലോകപരിസ്ഥിതി ദിനമാണ്. 20 വർഷങ്ങൾക്കുമുമ്പ് ഇതേ ദിവസം സ്റ്റോക് ഹോമിൽ ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആദ്യത്തെ അന്താരാഷ്ട്ര പ്രകൃതിസംരക്ഷണ സമ്മേളനത്തിന്റെ സ്മരണയെ ആദരിച്ചാണ് ഈ ദിനം ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. എന്നാൽ ഇത്തവണത്തെ പരിസ്ഥിതിദിനത്തിനൊരു സവിശേഷതയുണ്ട്. UNEPയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ (ജൂൺ 1-12) ബ്രസീലിലെ റിയോഡിജനീറോയിൽ ഐക്യരാഷ്ട്ര പരിസ്ഥിതി വികസന സമ്മേളനം (UNCED) നടക്കുകയാണ്. ഭൗമഉച്ചകോടി (Earth Summit) എന്നും ഈ സമ്മേളനം അറിയപ്പെടും. രാഷ്ട്രതലവന്മാർ, ശാസ്ത്രജ്ഞർ, സ

ക്കാർ പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ തുടങ്ങി ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഒരു മഹാസമ്മേളനമാണിത്. അടുത്ത നൂററാണ്ടിൽ നടപ്പിൽ വരുത്തേണ്ട പാരിസ്ഥിതിക പരിരക്ഷാപ്രവർത്തനങ്ങൾക്ക് രൂപം നല്കാനാണ് അവർ കൂടുന്നത്. പക്ഷെ സമ്പന്ന രാജ്യങ്ങൾ എന്തു നിലപാട് സ്വീകരിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ് സമ്മേളനത്തിന്റെ വിജയം സ്ഥിതിചെയ്യുന്നത്. ആഗോളതാപനം, ഓസോൺപാളിക്ഷയം. മലിനീകരണം തുടങ്ങിയ ആഗോള പരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഉത്തരവാദികൾ മുഖ്യമായും സമ്പന്നരാജ്യങ്ങൾ ആണ്. അവയ്ക്ക് പരിഹാരം കാണാനുള്ള ധാർമിക ബാധ്യത അവർക്കാണ്. അതിൽ നിന്നും അവർ ഒഴിഞ്ഞുമാറിക്കൂടാ. വികസ്വരരാജ്യങ്ങളെ സംബന്ധിച്ചടത്തോളം ദാരിദ്ര്യം അകററുക എന്നതാണ് ഏററവും പ്രധാനപ്പെട്ട പ്രശ്നം. ദാരിദ്ര്യമാണ് ഏററവും വലിയ മലിനീകരണം. അത് മനസ്സിലാക്കാൻ സമ്പന്നരാജ്യങ്ങൾ ശ്രദ്ധിക്കുന്നില്ല. എല്ലാ കുററങ്ങളും വർധിച്ച ജനസംഖ്യയുടെ മേൽചാരി വികസ്വര രാജ്യങ്ങളെ പ്രതിക്കൂട്ടിൽ നിർത്താനാണ് വികസിതരാജ്യങ്ങൾ ശ്രമിക്കുന്നത്. ഈ നിലപാട് അവർ മാററിയാൽ മാത്രമേ ഈ ഭൗമഉച്ചകോടി വിജയിക്കുകയുള്ളൂ. അതേ സമയം വികസ്വര രാജ്യങ്ങൾ വികസനവും പരിസ്ഥിതി സംരക്ഷണവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വികസന ക്രമത്തിന് രൂപം നല്കുകയും വേണം.

പ്രിയപ്പെട്ട കുട്ടികളെ, മനുഷ്യന്റെ അത്യാഗ്രഹമാണ് പരിസ്ഥിതി പ്രശ്നങ്ങളുടെ ഉറവിടം. മനുഷ്യന് അവശ്യമായതെല്ലാം പ്രകൃതിയിലുണ്ട്, എന്നാൽ അത്യാഗ്രഹത്തിനൊട്ടുമില്ല തന്നെ എന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ഇന്ന് ജീവിക്കുന്നവരുടെ പ്രവർത്തനങ്ങളാണ് ഭാവിയെ നിർണയിക്കുക. നമ്മുടെ ഭൂമിയ്ക്ക് നേരിട്ടിരിക്കുന്ന വിപത്തിനെപ്പററിയും അതുപരിഹരിക്കേണ്ടതിന്റെ അടിയന്തിരാവശ്യത്തെപ്പററയും അറിയണം. നാം ഓരോരുത്തരും നമ്മുടെ ജീവിത ശൈലികളിൽ വേണ്ട പൊരുത്തപ്പെടുത്തലുകൾ ചെയ്താലല്ലാതെ ഭൂമിയെ സംരക്ഷിക്കാനുള്ള ശ്രമം വിജയിക്കുകയില്ല. ധൂർത്തും അശ്രദ്ധയും നിറഞ്ഞ നമ്മുടെ ജീവിത സമ്പ്രദായം മാററണം. വായു, വെള്ളം, മണ്ണ്, കൽക്കരി, എണ്ണ, വൈദ്യുതി തുടങ്ങിയ വിഭവങ്ങൾ ഒന്നും പാഴാക്കാതെ നോക്കണം. നിത്യജീവിതത്തിൽ ഒരായിരം കാര്യങ്ങൾ ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി ചെയ്യണം. നമുക്ക് നമ്മളോടോ, നമ്മുടെ ബന്ധുക്കളോടോ ഉള്ള ബാധ്യത മാത്രമല്ല ഇത്. ഒരു ദിവസം ഭൂമിയുടെ അവകാശികളാകാൻ പോകുന്ന, പിറക്കാത്ത, തലമുറകളോടു നമ്മുക്കുള്ള ബാധ്യത കൂടിയാണ്.

ഇന്ന് ഈ പരിസ്ഥിതിദിനത്തിൽ നമ്മുടെ പുണ്യഭൂമിയെ രക്ഷിക്കാൻ ആവുന്നതെല്ലാം ചെയ്യും എന്ന് നമ്മുക്ക് പ്രതിജ്ഞ എടുക്കാം.

നിങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കട്ടെ.

പരിസരകേന്ദ്രം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

തൃശ്ശൂർ